ശ്രീ. കെ. എ. ദാമോദരമേനോൻ : 57–ാമത്തെ ഭേദഗതി സ്വീകരിക്കുന്നില്ല; 60–ാമത്തെ ഭേദഗതി സ്വീകരിക്കുന്നു.

Mr. Speaker : Mr. Balaram, do you press your amendment ?

Shri Balaram : Yes, I am pressing my amendment.

Amendment No. 57 moved by Shri N. E. Balaram was put and lost.

Amendment No. 60 moved by Shri P. Ravindran namely:

" In rule 32 in the proviso for the words "three months" the words "one month" shall be subs tituted" was put and carried.

The Kerala Municipalities (Conduct of Proceedings of Standing Committee) Rules, 1963.

(Notification G. O. Ms 625/ 63/ DD dated 27th July 1963.

Rule 3

ശ്രീ. പി. രവീന്ദ്രൻ : സർ, റൂൾ മൂന്നിനു ഞാൻ എന്റെ നമ്പർ രണ്ടും ഭേദഗതികളും അവതരിപ്പിക്കുകയാണു്.

1. "Delete rule 3, and renumber. "

2. "In rule 3, insert the word "ordinarily after the word "shall."

ശ്രീ. കെ. എ. ദാമോദരമേനോൻ : അതിൽ രണ്ടാമത്തെ ഭേദഗതി സ്വീകരിക്കുകയാണു്. ആദ്യത്തെ ഭേദഗതി സ്വീകരിക്കുവാൻ നിവൃത്തിയില്ല.

Mr. Speaker : Mr. Ravindran, do you press your amendment No.1.

Shri P. Ravindran : I do not press.

Amendment No. I, moved by Shri P. Ravindran, was, by leave, withdrawn.

Amendment No. 2, viz. ' In rule 3, after the word 'shall' the word ordinarily shall be inserted" moved by Shri P. Ravindran, was put and carried.

Rule 5

ശ്രീ. കെ. ഹസൻഗനി : സർ, ഞാൻ എന്റെ ഭേദഗതി അവതരിപ്പിക്കുകയാണു്.

"In rule 5, in line 3, add after the word "committee" the words "and the Chairman of the Council". സ്റ്റാൻറിംഗ് കമ്മിറ്റി അജൻറാ ഉണ്ടാക്കുമ്പോൾ അതിൽ "In consultation with the Chairman of the Council" എന്നുകൂടി ചേർക്കണമെന്നാണു് എന്റെ ഭേദഗതികൊണ്ടു ഉദ്ദേശിച്ചിട്ടുള്ളതു്. അതിനു കാരണം മുനിസിപ്പാലിറ്റിയുടെ ചെയർമാനു് വളരെയേറെ അധികാരങ്ങളും യഥാർത്ഥ ആക്ടിൽ ഉള്ളതൊക്കെ കുറെ കളഞ്ഞിട്ടുണ്ടെങ്കിൽ തന്നെയും മുനിസിപ്പൽ രേണത്തിൽ ദൈനംദിന കാര്യങ്ങളും കൂടുതൽ അറിഞ്ഞിരിക്കേണ്ട ചെയർമാനു ഇതിന്റെ അജൻറാ ഉണ്ടാക്കുമ്പോൾ യാതൊരു അവകാശവും ഇല്ല എന്നുപറയുന്നതു ശരിയല്ല. ചേംബർ ഓഫ് ചെയർമാന്മാരുടെ യോഗംതന്നെ അജണ്ട ഉണ്ടാക്കുമ്പോൾ ചെയർമാന്മാരെ ഉൾപ്പെടുത്തണമെന്നു റസല്യൂഷൻസ് പാസാക്കി അയച്ചിട്ടുള്ളതാണു്. അതിപ്രധാനമായ കാര്യങ്ങ

LIBRARY ARCHIVES Kerala Legislative Assembly

ളാണു് സ്റ്റാൻറിംഗ് കമ്മറ്റി തീരുമാനിക്കുന്നതു്. അതു തീരുമാനിക്കുമ്പോൾ മുനിസിപ്പൽ ഭരണത്തിൻെറ ദൈനംദിന കാര്യങ്ങളും, ഭരണപരമായിട്ടുള്ള കാര്യങ്ങളും സാമ്പത്തികമായ കാര്യങ്ങളും ഇതെല്ലാം തീർച്ചപ്പെടുത്തുന്നതിലേക്കായി അജണ്ട ഉണ്ടാക്കുമ്പോൾ ചെയർമാനുകൂടി അതിൽ അവകാശമുണ്ടെങ്കിൽ അതു കുറച്ചുകൂടി നന്നായിരിക്കുമെന്നാണു് എനിക്കു പറയുവാനുള്ളതു്. അതുകൊണ്ടു് എൻെറ ഭേദഗതി സ്വീകരിക്കണമെന്നു ഞാൻ അഭ്യർത്ഥിക്കുകയാണു്.

ശ്രീ. കെ. എ. ദാമോദരമേനോൻ : കൗൺസിലിൻെറ ചെയർമാൻ സ്റ്റാൻറിംഗ് കമ്മിറ്റിയിലെ അംഗമല്ലാത്തതുകൊണ്ടു് ഈ നിർദ്ദേശം സ്വീകരിക്കുന്നതു നല്ലതാണെന്നു തോന്നുന്നില്ല. ഞാൻ അതു സ്വീകരിക്കുന്നില്ല.

ശ്രീ. ടി. സി. നാരായണൻ നമ്പ്യാർ : സർ, ഞാൻ എൻെറ ഭേദഗതി അവതരിപ്പിക്കുന്നു.

"In rule 5, in line 4, after 'Commissioner may' insert "in consultation with the Chairman of the Committee." ഒരു സംശയം ദൂരീകരിക്കുവാൻ വേണ്ടിയാണു് ഈ ഭേദഗതി അവതരിപ്പിച്ചിരിക്കുന്നതു്. ഇതിൽ പറയുന്നതു് അജണ്ട ഉണ്ടാക്കുന്നതു് ചെയർമാനുമായി ആലോചിച്ചുകൊണ്ടുവേണമെന്നാണു്. എന്നാൽ ഏഴാമത്തെ റൂളിൽ ഒരു നിയമം പാസ്സായിക്കഴിഞ്ഞാൽ അതു ഇരു ദിവസത്തിനകം ക്യാൻസൽ ചെയ്യാൻ പാടില്ല എന്നും പറയുന്നുണ്ടു്. അതിനു വിധേയമായിട്ടു കമ്മിറ്റി പരിഗണിക്കണമെന്നു കമ്മീഷണർക്കു പര്യാലോചിക്കാം. ചെയർമാനു എന്താണു് തോന്നിയിട്ടുള്ളതു എന്നുംകൂടി കമ്മിഷണർ പര്യാലോചിക്കണമെന്നും പറയുന്നു. അപ്പോൾ ഇതു രണ്ടുംകൂടി കണക്കിലെടുക്കുമ്പോൾ ചെയർമാനെപ്പറ്റി കമ്മിഷണർക്കു എന്താണു തോന്നിയിട്ടുള്ളതു എന്നുള്ളതിനെപ്പറ്റി ചെയർമാനു മനസ്സിലായിരിക്കേണ്ട അവകാശം ന്യായമായും ഉണ്ടു്. ഇതു രണ്ടും രണ്ടാണു്. അതുകൊണ്ടു ഞാൻ ഭേദഗതി അവതരിപ്പിച്ചതാണു്. മന്ത്രി സ്വീകരിക്കുമെന്നു വിശ്വസിക്കുന്നു.

ശ്രീ. കെ. എ. ദാമോദരമേനോൻ : ഞാൻ ആ ഭേദഗതി സ്വീകരിക്കുകയാണു്.

Mr. Speaker : Mr. Hassan Gani are you pressing your amendment?

Shri K. Hassan Gani : Yes. I press my amendment.

Amendment No. 3 moved by Shri K. Hassan Gani was put and lost.

Amendment No. 4 moved by Shri T.C. Narayanan Nambiar, was put and carried.

Rule 6

ശ്രീ. പി. രവീന്ദ്രൻ : സർ, ഞാൻ എൻെറ ആറാമത്തെ ഭേദഗതി അവതരിപ്പിക്കുകയാണു്.

6. "In rule 6, in the second proviso, delete the word Government" and insert the word "Director"

ഏതെങ്കിലും ഒരു വിഷയം സ്റ്റാൻറിംഗ് കമ്മിറ്റിക്കു പരിഗണിക്കുവാൻ അവകാശമുണ്ടോ ഇല്ലയോ എന്നുള്ളതിനെ സംബന്ധിച്ചു തർക്കം ഉണ്ടായാൽ ചെയർമാൻ ഗവണ്മെൻറിനു റഫർ ചെയ്യണമെന്നാണു് വ്യവസ്ഥ. കൗൺസിലിനു പരിഗണിക്കാനുള്ള വിഷയവും സ്റ്റാൻറിംഗ് കമ്മിറ്റിക്കു പരിഗണിക്കുവാനുള്ള വിഷയവും പ്രത്യേകം നിണ്ണയിച്ചിട്ടുണ്ടു്. ഏതെങ്കിലും ഒരു വിഷയം സ്റ്റാൻറിംഗ് കമ്മിറ്റിക്കു തീരുമാനിക്കുന്നതിനു അവകാശമുണ്ടോ ഇല്ലയോ എന്നു സംശയം ഉണ്ടായാൽ അതു ഗവണ്മെൻറിലേയ്ക്കു റഫർ ചെയ്യണമെന്നു പറയേണ്ട ആവശ്യമില്ല. ചിലപ്പോൾ വെറും നിസ്സാരമായ കാര്യങ്ങൾക്കായി

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. പി. രവീന്ദ്രൻ]

രിക്കും സംശയം ഉണ്ടായിരിക്കുന്നതു്. കൗൺസിൽ തീരുമാനിക്കേണ്ടതു് ഏതെല്ലാമാണെന്നു പ്രത്യേകം തരംതിരിച്ചിട്ടുണ്ടു്. അതുകൊണ്ടു ഗവണ്മെൻറിലേക്കു റഫർ ചെയ്യുന്നതുമാറി അത്തരം സന്ദർഭം ഉണ്ടാകുമ്പോഴും ഡയറക്ടറക്കു റഫർ ചെയ്യുന്നതായിരിക്കും നല്ലതു്. ഗവണ്മെൻറിൽ നിക്ഷിപ്തമായിരിക്കുന്ന അധികാരം ഡയറക്ടറക്കു നൽകുന്നതു നന്നായിരിക്കുമെന്നാണു് എൻറെ അഭിപ്രായം. അതുകൊണ്ടു് എൻറെ ഭേദഗതി സ്വീകരിക്കുമെന്നു ഞാൻ വിശ്വസിക്കുകയാണു്.

ശ്രീ. കെ. എ. ദാമോദരമേനോൻ : സർ, ഈ ആക്ടിലെ പ്രൊവിഷൻ സംബന്ധിച്ചു നിയമപരമായി വ്യാഖ്യാനം വരുമ്പോഴും ഈമാതിരി അവകാശങ്ങളും ഗവണ്മെൻറിൽ നിക്ഷിപ്തമായിരിക്കുന്നതായിരിക്കും നല്ലതു്. അതു സ്വീകരിക്കുവാൻ നിവൃത്തിയില്ല.

Mr. Speaker : Mr. Ravindran, do you press your amendment No. 6.

Shri P. Ravindran : Yes. I press my amendment.

Amendment No. 6 moved by Shri P. Ravindran was put and lost.

Rule 7:

Shri P. Ravindran : Sir, I move amendment No. 7.

7. 'In rule 7, delete the word, 'members' and insert the word 'strength'.'

Shri K. A. Damodara Menon : Sir, I accept that amendment.

Amendment No. 7 moved by Shri P. Ravindran was put and carried.

The Kerala Municipalities (Private Water Supply for Non-domestic purposes) Rules, 1963 (Notification G. O. MS. 599/63/DD dated 8th July 1963.

Rule 3:

Mr. Speaker : Amendment No. 1 is by Shri K. Hassan Gani.

ശ്രീ. കെ. ഹസ്സൻഗനി : സർ, തീരപ്രദേശത്തു് കുടിക്കുവാൻപോലും വെള്ളം കിട്ടാത്ത അവസരമാണു് ഇപ്പോഴും. അപ്പോഴും 'നോൺ ഡൊമസ്റ്റിക്കു് പർപ്പസസിനു്' പതിനഞ്ചു ശതമാനം എന്നുള്ളതു പത്തു ശതമാനം ആക്കണമെന്നാണു് എൻറെ ഭേദഗതി.

1. 'In rule 3, delete '15%' and substitute '10%.'

ഇതാണു് ഭേദഗതി. അതു ഞാൻ അവതരിപ്പിക്കുകയാണു്. മട്ടാഞ്ചേരി, ഫോർട്ടുകൊച്ചി, എറണാകുളം തുടങ്ങിയ മുനിസിപ്പൽ ഏരിയാകളിൽ കുടിക്കുന്നതിനുപോലും വെള്ളം ലഭിക്കാതിരിക്കുന്ന ഇന്നത്തെ പരിതസ്ഥിതിയിൽ പതിനഞ്ചു ശതമാനം നോൺ ഡൊമസ്റ്റിക്കു് പർപ്പസസിനുവേണ്ടി വെള്ളം കൊടുക്കണമെന്നു വച്ചിരിക്കുന്നതു് വളരെ അന്യായമാണു്. ഇപ്പോഴും കുടിക്കുന്നതിനു കൂടുതൽ ജലസൗകര്യം ലഭിക്കുന്നതിലേക്കായി ആ പ്രദേശങ്ങളിൽ കോടിക്കണക്കിനു രൂപാ ചെലവാക്കി പണികളും നടന്നുവരുന്നുണ്ടു്. അതു വരുമ്പോഴും ഈ പതിനഞ്ചു ശതമാനം വേണമെങ്കിൽ എടുത്തുകൊള്ളട്ടെ. ആ പദ്ധതി നടപ്പിലായിവരുന്ന കാലഘട്ടം വരെ ഈ പതിനഞ്ചു ശതമാനം എന്നുള്ളതു പത്തു ശതമാനം ആക്കുന്നതു നന്നായിരിക്കുമെന്നാണു് എൻറെ അഭിപ്രായം. ആ ഭേദഗതി ബഹുമാനപ്പെട്ട മന്ത്രി സ്വീകരിക്കുമെന്നു ഞാൻ വിശ്വസിക്കുകയാണു്.

LIBRARY ARCHIVES Kerala Legislative Assembly